*Project Report On*

# THIRUVALATHUR SHRI RANDUMOORTHY BHAGAVATHI TEMPLE, PALAKKAD

***Submitted in Partial fulfillment of the requirement for the Award of Diploma in Traditional Architecture 12th Batch***



*By*


**MAHALINGAM.R**

' Dreams", Appupillayur, Erattakulam Post,

Palakkad – 678622,

Ph : 04923-271064, cell : 9447533076




**VASTHU VIDYA GURUKULAM**

**( Kerala Govt. Institution Dept. of Culture )**

***Centre for Promotion and Preservation of Traditional Architecture And Mural Painting***

**Aranmula – 689533**

**Pathanamthitta (Dt), Kerala**





# ഗുരുവന്ദനം

ഗജാനനം ഭൂതഗണാദിസേവിതം

കപിത്ഥജംബു ഫലസാരഭക്ഷിതം

ഉമാസുതം ശോകവിനാശകാരണം

നമാമി വിഘ്നേശ്വര പാദപങ്കജം.

# CERTIFICATE

## SELF ATTESTATION

This is to certify that the project report entitled as thiruvalathur Shri. Ramdumoorthy Bhagavathy Temple is a bonafied record of work done by me during the year 2012 - 2013 in partial fulfillment of the requirement for award of the diploma in Traditional Architecture - 12$^{th}$ Batch

Place : Palakkad

Date : 01.01.2013

**R.MAHALINGAM**

# ACKNOWLEDGEMENT

The contents of the project report were benefited greatly from the extensive contribution of several Individuals.

I would like to thank Sri. P.N.Suresh, Executive Director, Brahma Sri Kanipayyar Krishnan Namboothiripad – Dean, Dr. A.Mohanakshan Nair, Course Co-ordinator, Dr. Balakrishna Warrier, Sri. A.B.Sivan, Sri. Kanipayyur Krishnan Namboothiri, Sri. Sathya Narayanan Koyithatta, Er. Manoj S. Nair, Sri.Biju, Sri. Cheruvalli Narayanan Naboothiripad & Gurukulam Staffs for their valuable contribution in educating and expertise guidance.

I deliver my sincere thanks to the Naduvil Madam Devasam Authorities, Staff and Temple committee for their extensive co-operation and various fertilities for my completion of this project.

Finally I am greatfull to my Brother in law Mr. B.Radhakrishnan, Green Builders and my family members, for their helps, encouragement and moral support given to me to complete this project.

Place : Palakkad

Date : 01.01.2013

R.MAHALINGAM

# CONTENTS


- ആമുഖം
- ക്ഷേത്രോത്പത്തി
- ചരിത്രം
- പ്രകാരങ്ങൾ
  - a. നമസ്കാരമണ്ഡപം
  - b. സപ്തമാതൃക്കൾ
  - c. വലിയസ്ഥലം
  - d. തിടപ്പള്ളി
  - e. മുളയറ
  - f. കലവറ
  - g. മാലപ്പുര
  - h. വിളക്കുമാടം
  - i. വലിയ ബലിക്കല്ല്
  - j. കൊടിമരം
  - k. അന്നദാനമണ്ഡപം
  - l. ഗോപുരം
  - m. ആനക്കൊട്ടിൽ
- ശിലാരേഖ
- നമസ്ക്കാരമില്ലാത്ത നമസ്ക്കാരമണ്ഡപം
- വാതിൽമാടം
- ബലിക്കല്ലും, കൊടിമരവും

- കൂത്തമ്പലം
- അഗ്രശാല
- അന്നദാനം
- ക്ഷേത്രക്കുളങ്ങൾ
- പണിതീരാത്തഅമ്പലം -ഭൂതം കെട്ടിയ മതിൽ
- ചുറ്റുമതിൽ
- തീർത്ഥകടവ്
- ശോകനാശിനിപുഴ
- തിരുവാലത്തൂർ
- അന്തിമഹാകാളൻ
- സ്വാമിയാർ മഠം
- ദേവസ്വം കളം
- എണ്ണപ്പാടം
- നിത്യാചാരം
- മാസവിശേഷം
- മറ്റുപ്രത്യേകതകൾ
- തൃക്കാർത്തിക മഹോത്സവം
- നടുവിൽമഠം പ്രതാപിത്തിലേക്ക്
- പൂജാസമയവിവരങ്ങൾ
- ഉപസംഹാരം

# നടുവിൽ മഠം ദേവസ്വം

# തിരുവാലത്തൂർ

# ശ്രീ രണ്ടുമൂർത്തി ഭഗവതി ക്ഷേത്രം

# പാലക്കാട്



# ആമുഖം

പാലക്കാട് ജില്ലയിലെ ശോകനാശിനി പുഴയുടെ തീരത്ത് പ്രശാന്തസുന്ദരമായ ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന അതിപുരാതനമായ തിരുവാലത്തൂർ ശ്രീ രണ്ടുമൂർത്തി ഭഗവതി ക്ഷേത്രം കേരളത്തിലെ മഹാക്ഷേത്രങ്ങളിൽ ഒരു പ്രധാനപ്പെട്ട ക്ഷേത്രമാണ്. പ്രവചനാതീതമായ കാലപ്പഴക്കം കൊണ്ടും കണ്ണഞ്ചിപ്പിക്കുന്ന ശില്പചാതുര്യം കൊണ്ടും പൂർവ്വകാല പ്രൗഢി വിളിച്ചോതി നിൽക്കുന്ന ഈ ദേവി ക്ഷേത്രം തൃശ്ശിവപേരൂർ നടവിൽ മഠം സ്വാമിയാർ മഠത്തിന്റെ വകയാണ്.

ഈ പുണ്യക്ഷേത്രം ഏകദേശം 1700 വർഷങ്ങൾക്ക് മുമ്പ് നിർമ്മിക്കപ്പെട്ടതാണ്. ഉഗ്രമൂർത്തിയായ മഹിഷാസുരമർദ്ദിനിദേവിയെയും ശാന്തസവരൂപിണിയായ അന്നപൂർണ്ണേശ്വരിദേവിയേയും പ്രതിഷ്ഠിച്ചിട്ടുള്ള ഈ രണ്ടു ക്ഷേത്രങ്ങളും രണ്ടു കാലഘട്ടങ്ങളിലായി നിർമ്മിക്കപ്പെട്ടിട്ടുള്ളാണ്.

രണ്ടു ഹെക്ടറിൽ കൂടുതൽ ഭൂവിസ്തൃതിയുള്ള ഈ ക്ഷേത്ര സമുച്ചയം മനോഹരമായ വൻ കൽഭിത്തികൾ കൊണ്ട് സംരക്ഷിക്കപ്പെട്ടിരിക്കുന്നു. നാലു ദിക്കില്ലും പ്രവേശന കവാടം വിച്ചിട്ടുണ്ടെങ്കിലും അവിയിൽ പ്രധാനപ്പെട്ടവ കിഴക്കേനടയിലേയും പടിഞ്ഞാറെ നടയിലേതുമാണ്. പുറത്ത് ചുറ്റുമുള്ള കൊത്തു പണികളാൽ അലംകൃതമായ പന്തിരായിരം കൽവിളക്കുകൾ മനോഹാരിതക്ക് മാറ്റ് കൂട്ടുന്നു. ഈ കൽവിളക്കുകൾ ഉത്സകാലങ്ങളിൽ നിറദീപങ്ങളായി പ്രകാശിക്കുന്ന കാഴ്ച അവിസ്മരണീയവും വിവരണാതീതവുമാണ്.

ഉഗ്രപ്രതാപിയായ മഹിഷാസുരമർദ്ദിനിയും ശാന്തപ്രകൃതിയായ അന്നപൂർണ്ണേശ്വരിയും ഒരേ മതിൽ കെട്ടിൽ ഒപ്പം ഇരുന്ന് ഭക്തജനങ്ങളെ അനുഗ്രഹിക്കുന്ന കേരളത്തിലെ ഒരേ ഒരു ക്ഷേത്രം ഇത് മാത്രമാണ്. പാലക്കാട് ടൗണിൽ നിന്നും ചിറ്റൂർ റോഡിൽ 5 കി.മീ ചെന്നാൽ കൊടുമ്പ് എന്ന പ്രദേശത്ത് ഭംഗി ആസ്വാദിക്കത്തക്കവിധം പടർന്ന് വളർന്ന് നിൽക്കുന്ന ആൽത്തറ കാണാം ഇത് ഒരു ജംഗ്ഷൻ ആണ്. അവിടെ നിന്നും വലത്തോട്ട് വിശാലമായ റോഡ് അതിലൂടെ മുന്നോട്ടു നീങ്ങുമ്പോൾ ശോകനാശിനി പുഴയുടെ

കുറുകെ പാലം അതിൽ നിന്നും വലത്തോട്ട് നോക്കിയാൽ കരിമ്പാറക്കെട്ടിലൂടെ കളകളാരവത്തോടെ ഒഴുകുന്ന ശോകനാശിനിപുഴ. ഇടതുവശത്താകട്ടെ പുഴയിലേക്ക് ചാഞ്ഞു നിൽക്കുന്ന ചോലമരങ്ങൾ, പാലം കഴിയുമ്പോൾ വഴി രണ്ടായി പിരിയുന്നു. ഇടത്തോട്ട് വലിയ വഴിയും, വലത്തോട്ട് വീതി കുറഞ്ഞ് ടാറു ചെയ്ത മറ്റൊരു വഴിയും. വീണ്ടും വലത്തോട്ടു തിരിഞ്ഞു നാട്ടുപാതയിലൂടെ 150 മീറ്റർ പോയാൽ ശ്രീ രണ്ടു മൂർത്തി ഭഗവതി ക്ഷേത്രത്തിന്റെ കിഴക്കെ നടയിലെത്താം. പ്രധാനറോഡ് വിശാലമായ നെൽവയലുകൾക്ക് നടവിലൂടെ ഉൾനാടുകളിലേക്ക് പിരിഞ്ഞു പോകുന്നു. അതു വഴി അല്പം ചെന്ന് വലതു വശത്തുകാണുന്ന പാടവരമ്പിലൂടെ 100 മീറ്റർ നടന്നാൽ ക്ഷേത്രത്തിന്റെ തെക്കെ നടയിലെത്താം വീണ്ടും മുന്നോട്ടുപോയി നെൽപ്പാടങ്ങൾക്ക് നടുവിലൂടെ നീണ്ടുകിടക്കുന്ന ടാർ റോഡിലൂടെ 200 മീറ്റർ ചെല്ലുമ്പോൾ, വലത്തോട്ടു തിരിയുന്ന പാതയിലൂടെ 100 മീറ്റർ ചെന്ന് ക്ഷേത്രത്തിന്റെ മുൻവശത്തുള്ള ഗോപുരനടയിൽ ( പടിഞ്ഞാറെ നട ) എത്താം.

ക്ഷേത്രത്തിനു മുൻവശത്ത് അതിവിശാലമായ അന്തിമഹാകാളൻ കുളം അല്പം നീങ്ങിയാൽ ക്ഷേത്രത്തെ നോക്കി നിൽക്കുന്ന അന്തിമഹാകാളൻ എന്നക്ഷേത്ര സംരക്ഷകന്റെ സ്ഥാനം നേരെ കാണുന്നത് അതിഗംഭീരമായ ക്ഷേത്രഗോപുരം ഇടത്തും, വലത്തുമായി അഗ്രഹാരങ്ങൾ പോലെ കാണുന്ന ഇരുനിലമാളികകൾ. ക്ഷേത്രത്തിനു മുൻവശത്തുനിന്നും വലതുവശത്ത് ഉള്ളിലോട്ട് കടന്നാൽ സ്വാമിയാർ മഠം ഇടതുവശത്ത് ദേവസ്വം ജീവനക്കാർക്കും ഭക്തജനങ്ങൾക്കും താമസിക്കാനുള്ള കെട്ടിടമാണ്. ഇത്രയുമാണ് ക്ഷേത്രത്തിലേക്ക് എത്തിചേരാനുള്ള സാമാന്യവിവരണം.
മുൻവശത്തുള്ള ഗോപുരം കടന്ന് ക്ഷേത്രത്തിനകത്തേക്ക് പ്രവേശിച്ചാൽ 5 ഏക്കറോളം വരുന്ന സ്ഥലത്ത് വൻ കരിങ്കൽ ചുറ്റുമതിലിനുള്ളിൽ താഴെയും മുകളിലുമായി സ്ഥിതി ചെയ്യുന്ന രണ്ടു ക്ഷേത്രങ്ങൾ. ഇതാണ് തിരുവാലത്തൂർ ശ്രീ രണ്ടു മൂർത്തി ഭഗവതി ക്ഷേത്രം

## ക്ഷേത്രോത്പത്തി

ശ്രീ പരശുരാമൻ കേരളം സൃഷ്ടിച്ചുവെന്ന മിത്ത് പ്രസിദ്ധമാണ്. താൻ സൃഷ്ച്ച കേരളത്തിലെ ഏറ്റവും വിശിഷ്ടമായ ഭൂപ്രദേശമായി കണ്ട ഈ ദേശത്ത് അദ്ദേഹം എത്തി

തപസ്സ് ആരംഭിച്ചു. സാക്ഷാൽ പരാശക്തി പ്രകാശരൂപത്തിൽ അദ്ദേഹത്തിന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. ആ സ്വരൂപത്തെ പ്രാപഞ്ചിക നിലയിൽ ലയിപ്പിക്കാതെ താൻ സൃഷ്ടിച്ച കേരളത്തിൽ വസിപ്പിച്ചിട്ടുള്ളവരെ അനുഗ്രഹിക്കുന്ന ശക്തിയായി തീർക്കുന്നതിന് സഗുണ രൂപത്തിൽ നിലനിർത്തി. കാലങ്ങൾക്കുശേഷം ഉദ്ദേശം 1600 കൊല്ലങ്ങൾക്ക് മുമ്പ് മഹാദിവ്യനായ ഒരു അവധൂത സന്യാസി ഈ പ്രദേശത്ത് എത്തിയപ്പോൾ ശ്രീ പരശുരാമൻ സാക്ഷാത്കരിച്ച പരാശക്തി ചൈതന്യം അനുഭവവേദ്യമായി. ആശക്തിവിശേഷത്തെ മഹിഷാശുരമർദ്ദിനി ദേവിയായി സങ്കൽപിച്ച് ക്ഷേത്രം പണിത് തദ്ദേശവാസികളായ 8 നമ്പൂതിരി ഗൃഹക്കാർക്ക് ഊരാൺമാവകാശത്തോടെ ദാനം ചെയ്ത് അദ്ദേഹം ദേശം വിട്ട്പോയി, അങ്ങിനെ പരശുരാമ പ്രതിഷ്ടിതമായ പരാശക്തി രൂപം മഹിഷാസുരമർദ്ദിനി ദേവിയായി ഇവിടെ പരിലസിച്ചു.

തൃശ്ശിവപേരൂർ മഠങ്ങൾ എന്നറിയപ്പെടുന്ന ശ്രീ ശങ്കരാചാര്യ ശിഷ്യപ്രമുഖൻ സുരേശ്വ രാചാര്യ പരമ്പരയുടെ നടുവിൽ മഠം ക്ഷേത്രങ്ങളിൽ ഏതുനിലയ്ക്കും അതിപ്രധാനമാണ് തിരുവാലത്തൂർ രണ്ടുമൂർത്തി ക്ഷേത്രം.

ശ്രീ പരശുരാമൻ തപസ്സുചെയ്ത് പ്രത്യക്ഷീകരിച്ച സാക്ഷാൽ പരാശക്തി ചൈതന്യത്തെ മഹിഷാസുരമർദ്ദിനി ദേവിയായി തിരുവാലത്തൂർ പ്രതിഷ്ഠിച്ചു. വില്വമംഗലം സ്വാമിയാർ പോലുള്ള ദിവ്യന്മാരായ നമ്മുടെ ശ്രീ ഗുരുപരമ്പരയിൽ ഒരു പൂർവ്വികൻ തിരുവാലത്തൂർ സ്വാമിയാർ മഠത്തിൽ താമസിച്ച് ഉഗ്രമൂർത്തിയായ മഹിഷാസുരമർദ്ദിനി ദേവിയെ ശാന്തമൂർത്തിയായി ഉപാസിച്ചു. അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട ശാന്തി ദുർഗ്ഗാഭാവത്തെ അന്നപൂർണ്ണേശ്വരിയായി മറ്റൊരു ക്ഷേത്രം കൂടി നിർമ്മിച്ച് പ്രതിഷ്ഠിച്ചു അങ്ങനെ തിരുവാലത്തൂർ രണ്ടുമൂർത്തി ക്ഷേത്രം ഒരേ മതിൽ ക്കെട്ടിനകത്ത് ഉണ്ടായി.

അപൂർവ്വമായി ആചാരസവിശേഷതകളോടെ വേറിട്ടു നിൽക്കുന്ന ഈ ക്ഷേത്രത്തിന്റെ ഉൽപ്പത്തിയും ചരിത്രവും പ്രാകാരഭേദങ്ങളും, ആചാരസവിശേഷതകളും നിറഞ്ഞ ഒരു ക്ഷേത്രമാണ്.

# ചരിത്രം

പാലക്കാട് രാജാവിന്റെ ഒരു വിവാഹവിഷയത്തിൽ പുരോഹിതരായ നമ്പൂതിരിമാരുമായി ഉണ്ടായ അഭിപ്രായ വ്യത്യാസത്തെ തുടർന്ന് നമ്പൂതിരിമാരെല്ലാം പാലക്കാട് രാജ്യം ഉപേക്ഷിച്ച് പോയി. രാജാവാകട്ടെ തന്റെ പൗരോഹിത്യവൃത്തിക്ക് തമിഴ് ബ്രാഹ്മണരെ വരുത്തി പാലക്കാട്ട് കുടിയിരുത്തി. തിരുവാലത്തൂർ ക്ഷേത്രശൻമാരായ നമ്പൂതിരിമാരും ഈ പ്രദേശം വിട്ടുപോയതോടെ മാണ്ഡുലക വർഗ്ഗക്കാരുടെ ആധിപത്യത്തിൽ ഈ ക്ഷേത്രം കുറെക്കാലം നടന്നുവന്നു. വളരെ വർഷങ്ങൾക്കു മുമ്പ് മലയാള ബ്രാഹ്മണർ ഇവിടെനിന്നും ദേശാന്തരം ചെയ്തുവെന്നും തുടർന്ന് പരദേശ ബ്രാഹ്മണരെ ഇവിടെ അധിവസിപ്പിച്ചുവെന്നും പാലക്കാടിന്റെ ചരിത്രത്തിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അതെ തുടർന്ന് നാട്ടിൽ പല അനർത്ഥങ്ങളും ഉണ്ടായി. ദാരിദ്രം, അനാവൃഷ്ടി, പകർച്ചവ്യാധികൾ, കലഹങ്ങൾ തുടങ്ങി ജീവിതം ദുരിതപൂർണ്ണമായി. ആ കാലത്ത് തൃശ്ശിവപ്പേരൂർ ആസ്ഥാനമായ ശ്രീ ശങ്കരമഠങ്ങളിൽ ചെന്ന് സ്വാമിയാർമാരെ പ്രീതിപ്പെടുത്തി നാട്ടിൽ സംഭവിച്ച ആപത്തിന് പരിഹാരം കാണാൻ ദേശവാസികൾ സ്വാമിയാരോടപേക്ഷിച്ചു എന്നും നാടിന്നധിപതിയായ മഹിഷാസുരമർദ്ദിനിയുടെ അനുഗ്രഹത്തിനായി ഉഗ്രതകുറച്ച് ശാന്തത വരുത്തി അഭയം തേടണമെന്ന് സ്വാമിയാർ നിർദ്ദേശിച്ചു എന്നും സുരേശ്വരാചാര്യ പരമ്പരയിൽപ്പെട്ട അന്നത്തെ മൂപ്പിൽ സ്വാമിയാരുടെ ജ്ഞാനദൃഷ്ടിയിലൂടെ മഹിഷാസുരമർദ്ദിനിയുടെ ഇടതു ഭാഗത്ത് സ്വയം ഭൂവായി ദർശിച്ച ദേവാംശ ചൈതന്യത്തെ അന്നപൂർണേശ്വരിയായി പ്രതിഷ്ഠിച്ച് ക്ഷേത്ര നിർമ്മാണം നടത്തി എന്നുമാണ് ഐതീഹ്യം.

തെക്കുഭാഗത്ത് ഒരാൾ താഴ്ചയിൽ ചുറ്റമ്പലത്തോടുകൂടി മറ്റൊരു ക്ഷേത്രത്തിലാണ് അന്നപൂർണ്ണേശ്വരി ദേവി കുടികൊള്ളുന്നത്. ദേവീപ്രീതിക്കായി തിരുമുൻപിൽ തന്നെ ദേവിക്ക് കാണാൻ സാധിക്കും വിധം പതിവായി ഭക്തജനങ്ങൾക്ക് അന്നദാനം നടത്തുന്നതിനും നിശ്ചയിച്ചു. അങ്ങിനെ അന്നദാനത്തിലൂടെ അനുഗ്രഹിക്കുകയും അന്നഭോജനത്തിലൂടെ അനുഗ്രഹം നേടുകയും ചെയ്യുന്നവിധം അന്നപൂർണേശ്വരിയായി ദുർഗ്ഗദേവി ഇവിടെ കുടികൊള്ളുന്നു.

അന്നപൂർണേശ്വരിയുടെ ക്ഷേത്രത്തിനകത്ത് പ്രദക്ഷിണമായി വരുമ്പോൾ ദേവിയുടെ ഇടതുവശത്തായി ഗണപതിയേയും കാണാം. ഒറ്റമതിൽക്കെട്ടിനുള്ളിൽ രണ്ടു ക്ഷേത്രങ്ങളായി രണ്ടു രൂപത്തിൽ രണ്ടു ഭാവത്തിൽ ഭക്തജനങ്ങൾക്ക് ദർശനസൗഭാഗ്യം നൽകി അമരുന്ന ആ ദുർഗ്ഗദേവിയുടെ ചൈതന്യം തിരുവാലത്തൂർ ക്ഷേത്രത്തെ മറ്റു ദുർഗ്ഗ ക്ഷേത്രങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നു.

ആദിശങ്കരാചാര്യ പരമ്പരയിൽ തൃശ്ശൂർ കേന്ദ്രമായി പത്മപാദാചാര്യൻ, തോടകാചാര്യൻ, സുരേശ്വരാചാര്യൻ ഹസ്താ മലകാചാര്യൻ എന്നിവർ യഥാക്രമം തെക്കേമഠം, ഇടയിൽ മഠം, നടുവിൽ മഠം വടക്കെ മഠം എന്നിവ സ്ഥാപിച്ചു. പ്രസിദ്ധനായ വില്വമംഗലം സ്വാമിയാർ ഉൾപ്പടെ നിരവധി തേജസ്വികളായ താപസൻമാർ ഇവിടെ ഉണ്ടായിട്ടുണ്ട്. ഈ മഠങ്ങളിൽ നമ്പൂതിരിമാർ ആണ് സന്യസിക്കുക. ഇതിന്റെ നടുവിൽ മഠത്തിൽ തിരുവാലത്തൂർ ക്ഷേത്ര ഊരാളൻമാരുടെ ഇല്ലത്ത് നിന്നുള്ളവർ സന്യാസിമാരായി വന്ന കാലഘട്ടം, ഈ ക്ഷേത്രത്തിന്റെ ഉടമസ്ഥാവകാശം നടുവിൽ മഠത്തിലേക്ക് ചേർത്തു. അങ്ങിനെ മാണ്ഡുല വർഗ്ഗക്കാരിൽ നിന്നും ഈ ക്ഷേത്രത്തിന്റെ ആധിപത്യം നടുവിൽ മഠത്തിലേക്ക് പൂർണമായി സിദ്ധിച്ചു.


നടുവിൽ മഠത്തിന്റെ അധീനതയിലായതോടുകൂടി ക്ഷേത്രത്തോടു ചേർന്ന് സ്വാമിയാർ മഠം സ്ഥാപിക്കുകയും നടുവിൽ മടത്തിൽ പ്രത്യേക ഉപാസനാ മൂർത്തിയായ ശ്രീ കൃഷ്ണനേയും സാളഗ്രാമങ്ങളെയും വച്ചാരാധിച്ചു പോരുകയും ചെയ്തു. ക്ഷേത്രത്തിന്റെ തിടപള്ളിയിലും വിഷ്ണു പൂജ നടത്തി പോരുകയും ചെയ്തിരുന്നു. അങ്ങനെ ഇന്നു കാണുന്ന തിരുവാലത്തൂർ രണ്ടു മൂർത്തി ക്ഷേത്രവും, സ്വാമിയാർ മഠവും ഉൾപ്പെടുന്ന ആത്മീയ കേന്ദ്രം രൂപപ്പെട്ടുവന്നു.



പടിഞ്ഞാറ് നട - വലതുവശത്ത് സ്വാമിയാർ മഠം



മുഖമണ്ഡപം




ദേവസ്വം വഴിപാട് കൗണ്ടർ



വടക്കേനട



കിഴക്കേനട



തെക്കേനട

## പ്രകാരങ്ങൾ

ഗർഭഗൃഹം മുതൽ ഏഴ് അന്തരാളങ്ങൾ, പഞ്ചപ്രകാരങ്ങൾ, മഹാപ്രകാരങ്ങൾ എന്നിങ്ങനെ **തന്ത്രസമുച്ചയവും, തച്ചുശാസ്ത്രവും** നിഷ്കർഷിച്ചിട്ടുള്ള മുഴുവൻ കെട്ടിട സംവിധാനങ്ങളും ഇവിടെ കാണാം.

മഹിഷാസുരമർദ്ദിനി പ്രതിഷ്ഠ തറനിരപ്പിൽ നിന്നും ഉദ്ദേശം 7 അടി പൊക്കത്തിലുള്ള ശ്രീലകം, അവിടെനിന്നും 7 അടി പൊക്കത്തിലുള്ള ഗർഭഗൃഹം,അതിനുള്ളിൽ 3 അടി പൊക്കത്തിലുള്ള പീഠം, 7 അടിയിൽ കുറയാത്ത **ദാരു ബിംബം** ഇത്രയും ഉയരത്തരിലുള്ള മറ്റൊരു പ്രതിഷ്ഠ കേരളത്തിൽ മറ്റെങ്ങും ഇല്ല.

ശ്രീലകത്ത് ഒരാൾ പൊക്കത്തിൽ ഗാംഭീര്യത്തോടെ രൗദ്രഭാവത്തിൽ ഒരൊറ്റ ദാരുവിൽ, അഷ്ടഭുജങ്ങളിൽ ശംഖ്, ചക്ര, ഗദാപത്മത്തോടുകൂടി ഭക്തർക്ക് ദർശനം ലഭിക്കത്തക്ക രീതിയിൽ നിർമ്മിച്ചിരിക്കുന്ന ആ ദേവി ബിംബം ഏതൊരാളിലും ഭയഭക്തി ജനിപ്പിക്കുന്നതാണ്. ദേവിചൈതന്യത്തിന്റെ ഉഗ്രതമൂലം ഭക്തജനങ്ങൾക്ക് അപ്രാപ്യമായിരുന്ന ഒരു സ്ഥിതി വിശേഷം വന്നതിനാൽ കാലാന്തരത്തിൽ ദേവിയിൽ

ഉഗ്രത വർദ്ധിപ്പിക്കാതെ ഭക്തർക്ക് അഭയം തേടാവുന്ന രീതിയിൽ നിലനിർത്തുന്നതിന് വേണ്ടി താന്ത്രിക വിധിക്കനുസരിച്ച് നിത്യവും പൂജ നടത്തുന്നതിനായി ശ്രീലകത്തിനകത്തുതന്നെ മറ്റൊരു അർച്ചന ബിംബം പ്രതിഷ്ഠ നടത്തി പൂജകൾ അവിടെയാക്കി. തൊരവിനുള്ളിൽ വടക്കു പടിഞ്ഞാറ് ഭാഗത്ത് ചതുർബാഹുശിലാ ബിംബം അർച്ചന ബിംബമാണ്. വായുകോണിൽ വാതിൽ ഉണ്ട്. പുറത്ത് നിന്ന് ദർശനം കഴിക്കാം.ദ്വസ്ഥൻമാർ ഇല്ലാത്ത പ്രത്യേകതയും ഉണ്ട്.

## നമസ്ക്കാരമണ്ഡപം

മണ്ഡപത്തിന് ഉദ്ദേശം 15 അടിയോളം പൊക്കമുണ്ട്. വിസ്തൃതമായ നമസ്ക്കാരമണ്ഡപം



ശ്രീലകം ( അന്നപൂർണ്ണേശ്വരി ) ഇരുനില സാന്ദര വിഭാഗം



ദ്വാരപാലകൻ



സോപാനം (നേരെ താഴെക്ക് ഇറങ്ങുന്നത് )



ഓവ്



അധിഷ്ഠാനം (തിടപ്പള്ളിയും കാണാം)



ശ്രീലകം



ശ്രീകോവിൽ - രണ്ട് നിലയുള്ള സാന്ദര വിഭാഗത്തിൽപ്പെട്ടത്



സോപാനം ( കൊത്തുപണികളോട് രണ്ട് വശങ്ങളിലേക്കും ഇറങ്ങുന്നത്)



അധിഷ്ഠാനം



ഓവും 'ഉപപീഠ' ത്തോടുകൂടിയ അധിഷ്ഠാനവും

## സപ്തമാതൃക്കൾ

ശ്രീ കോവിലിനു ചുറ്റും പ്രദക്ഷിണം വരുമ്പോൾ തെക്കുവശത്തായി ബ്രാഹ്മി,മഹേശ്വരി, കൗമാരി, വൈഷ്ണവി, വരാഹി, ഇന്ദ്രാണി, ചാമുണ്ഡി എന്നീ സപ്തമാതൃക്കളും ഇടതും വലതുമായി ഗണപതിയും വീരഭദ്രനും ഒന്നിച്ച് **ഒരേ പീഠത്തിൽ** പൂർണ്ണമായ പ്രതിഷ്ഠകളായിരിക്കുന്നു. അസാധാരണ ക്ഷേത്രങ്ങളിൽമാത്രമേ ഇത്തരത്തിൽ **സപ്തമാതൃക്കളുടെ രൂപത്തിലുള്ള പ്രതിഷ്ഠ** കാണാൻ സാധിക്കുകയുള്ളൂ.




**സംപ്തമാതൃക്കൾ**




# മദ്ധ്യഹാര ( വിളക്ക്മാടം)



വായുകോണിൽ നിന്നുള്ള ചിത്രം



ഈശാനകോണിൽ നിന്നുള്ള ചിത്രം



കിഴക്ക് ഭാഗം



അഗ്നി കോണിൽ നിന്നുള്ള ചിത്രം



ധ്വജ അധിഷ്ഠാനം



ധ്വജം, കൽവിളക്ക് ( അന്നപൂർണ്ണേശ്വരി )



ധ്വജം – മഹിഷാസുര മർദ്ധിനി



ബലിക്കൽ ( അഗ്രമണ്ഡപം ഇല്ല )

പടിഞ്ഞാറെ വലിയമ്പലം 2 നിലയിൽ പണിതിരിക്കുന്നു. തിടപ്പള്ളി, മുളയറ,കലവറ,മാലപ്പുര തുടങ്ങിയവ എല്ലാം ക്രമപ്രകാരം കാണാം. ശ്രീകോവിൽ ഭിത്തി, കരിങ്കല്ലിൽ ചിത്രപണികളോടെ തീർത്തിരിക്കുന്നു. പടിഞ്ഞാറെ വലിയമ്പലത്തിൽ മുകൾ തട്ടിൽ തടിയിലുള്ള കൊത്തുപണികൾ ഉണ്ട്. പുറത്തുകടന്നാൽ വിളക്കുമാടവും നടുവിൽ വിശാലമായ ഇടനാഴിക.

തെക്ക്ഭാഗത്ത് 15 അടി താഴ്ചയിലായി അന്നപൂർണേശ്വരിക്ഷേത്രം, സൗമ്യഭാവഹവാദികളോടെ സാധാരണ ശ്രീകോവിൽ, ദ്വാസ്ഥൻമാർ, മണ്ഡപം, തിടപ്പള്ളി, മുളയറ, വലിയമ്പലം എല്ലാം ലളിതമായി കാണാം. ഈ രണ്ട് ക്ഷേത്രങ്ങളും കൂടി ചുറ്റിയാണ് വിളക്ക്മാടം.7 നിലകളിലായി കൽവിളക്കുകൾ സ്ഥാപിച്ചിരിക്കുന്നു. പന്തീരായിരം വിളക്കുകൾ ഉണ്ട്. അതിനും പുറത്തായി മഹിഷാസുരമർദ്ദിനിക്ക് 20 അടി ഉയരത്തിൽ വലിയ ബലിക്കല്ല്, സാധാരണ വലിയ ബലിക്കല്ല് അന്നപൂർണേശ്വരിക്ക്- രണ്ടു സ്ഥലത്തും ബലിക്കൽ പുര ഇല്ല-രണ്ട് ദിക്കിലും കൊടിമരം-വടക്കു പടിഞ്ഞാറായി കൂത്തമ്പലം- അന്നപൂർണേശ്വരി ദേവിയുടെ മുന്നിൽ അന്നദാനമണ്ഡപം- തെക്കുഭാഗത്തായി അടുക്കളപ്പുര, എല്ലാം വലയം ചെയ്തുകൊണ്ട് അതിവിശാലമായ മതിൽക്കകം പടിഞ്ഞാറും തെക്കും ഗോപുരവും, വടക്കും കിഴക്കും ഗോപുരതറയും കാണാം.

പടിഞ്ഞാറെ നടയിൽ വിശാലമായ ആനക്കൊട്ടിൽ പുറത്തേക്ക് കടന്നാൽ കിഴക്കു പടിഞ്ഞാറായി തെക്കുവശം കച്ചേരി മാളിക. വടക്കുവശം ജീവനക്കാരുടെ ക്വാർട്ടേഴ്സ്.അതിനുമുന്നിൽ രക്ഷകനായി അന്തിമഹാകാളൻ പ്രതിഷ്ഠ. കച്ചേരി മാളികയുടെ ഉള്ളിലായി സ്വാമിയാർമഠം, പടിഞ്ഞാറുഭാഗത്ത് ദേവസ്വം അതിഥിമന്ദിരം, വടക്കുഭാഗത്ത് വിശാലമായ കുളം. തെക്കുഗോപുരത്തിന്റെ പടിഞ്ഞാറുഭാഗം ഒരു വലിയ കുളം , അതിനും പടിഞ്ഞാറ് ചെറിയകുളം. മഠത്തിനുള്ളിലും കുളം ,കുളപ്പുര, വടക്കേഗോപുരം പുഴയോരം വരെ കരിങ്കല്ലു പാകിയിരിക്കുന്നു.കിഴക്കും, പടിഞ്ഞാറും വിശാലമായ റോഡ്, തെക്കു ഭാഗത്ത് നടവഴി ,തിരുവാലത്തൂർ ക്ഷേത്രത്തിന്റെ പ്രകാരസ്ഥിതിയുടെ ചിത്രീകരണം ഇവിടെ അവസാനിപ്പിക്കാം. ഇതിൽ ഓരോന്നിനെ കുറിച്ചും വിശദമായി ചുവടെ പ്രതിപാദിക്കുന്നു.



രണ്ടു നില വലിയമ്പലം

# ശിലാരേഖ

ശ്രീധരാ മൃതകർദന്ദി
ശ്രീ സുരേശ്വരാന്വിതം
വഹ്നി ദദ്രപുരം ദേവോ
യഥാപൂർവ്വം അകാരയേൻ

മുകളിൽ ക്ഷേത്ര ശ്രീ കോവിലിന്റെ പുറത്തെ ഭിത്തിയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഈ ലിഖിതം ഇങ്ങനെ സൂചന നൽകുന്നു.

ശ്രീ ശങ്കരാചാര്യ ശിഷ്യൻ സുരേശ്വരാചാര്യ പരമ്പരയുടെ നിയന്ത്രണത്തിലുള്ള ഈ ക്ഷേത്രത്തിൽ വളരെ വർഷങ്ങൾക്ക് മുമ്പ് അഗ്നി ബാധയുണ്ടായി എന്നും വീണ്ടും ക്ഷേത്രത്തെ യഥാപൂർവ്വം പുനർനിർമ്മാണം ചെയ്തു'. എന്നുമാണ് ഇത് വ്യക്തമാക്കുന്നത്. ഇതിനെകുറിച്ച് കൂടുതൽ സൂചനകൾ ഒന്നും തന്നെ ലഭ്യമല്ലാത്തതിനാൽ ദീർഘിപ്പിക്കുന്നില്ല.

## നമസ്ക്കാരമില്ലാത്ത നമസ്ക്കാരമണ്ഡപം

ദേവി മഹാത്മ്യയത്തിൽ ഒരു അസുരൻ മഹിഷാസുരമർദ്ദിനിയെ തപസ്സനുഷ്ഠിച്ച് പ്രസാദിപ്പിച്ചു എന്ന് വിവരിക്കുന്നുണ്ട്. ആ സംഭവം നടന്നത് ഇവിടെയാണ് എന്ന് വിശ്വസിച്ചുപോരുന്നു. ഇവിടത്തെ വിശ്വാസമനുസരിച്ച് നമസ്ക്കാരമണ്ഡപത്തിൽ അസുരൻ കയറിയിരുന്ന് തപസ്സ് അനുഷ്ടിച്ചു എന്നും ദേവി പ്രസന്നയായി അദ്ദേഹത്തിനു മുന്നിൽ പ്രത്യക്ഷമായി എന്നുമാണ് ഐതീഹ്യം.അക്കാരണത്താലെത്രെ ഇവിടെ നമസ്ക്കാര മണ്ഡപം ഇന്നും ബ്രാഹ്മണർ ഉപയോഗിക്കാറില്ല. താഴത്തെ ക്ഷേത്രത്തിൽ മാത്രമെ ഇവിടെ നമസ്ക്കാരം പതിവുള്ളൂ. ഇത് ഈ ക്ഷേത്രത്തിന്റെ മാത്രം പ്രത്യകതയാണ്.



നമസ്ക്കാര മണ്ഡപം



നമസ്ക്കാര മണ്ഡപം ( അധിഷ്ഠാനവും, സ്തംഭങ്ങളും )




ഗണപതി



കഴുക്കോൽ വിന്യാസം – സമചതുരം



കഴുക്കോൽ വിന്യാസം



കഴുക്കോൽ വിന്യാസം - ചതുരം

## വാതിൽ മാടം

ക്ഷേത്രത്തിന്റെ അകത്ത് മുൻവശത്ത് കാണുന്ന 'വാതിൽ മാടം' എന്ന പേരിൽ അറിയപ്പെടുന്ന ഇടനാഴിയുടെ മുകൾവശം രണ്ടു നിലകളിലായാണ് നിർമ്മിച്ചിരിക്കുന്നത്. ഇത്തരത്തിലുള്ള ഒരു നിർമ്മാണം അപൂർവ്വമാണ്. മുകൾ തട്ടിൽ കാര്യാലോചന മണ്ഡപം ദേവിയെ സാക്ഷിയാക്കി മാത്രം ഊരാളൻമാർ കാര്യാലോചന നടത്തിയിരുന്നു. അവിടെനിന്നും നാലുവശത്തേക്കും നോക്കിയാൽ ക്ഷേത്രവും പരിസരവും നിരീക്ഷിക്കാം. താഴെ നിൽക്കുന്നവർക്ക് മുകളിൽ മണ്ഡപത്തിലെ കാര്യങ്ങൾ ഒന്നും അറിയാൻ സാധിക്കുകയില്ല. സുരക്ഷസംവിധാനമാണ് നിർമ്മാണത്തിലെ ഈ സവിശേഷത എന്ന് കാണാം. മുകൾതട്ടിൽ അടിഭാഗത്ത് ഭാഗവതം,രാമായണം,എന്നീ പുരാണഗ്രന്ഥ ങ്ങളിലെ കഥാഭാഗങ്ങൾ മരത്തിൽ കൊത്തി വച്ചിരിക്കുന്നതു കാണാം. പ്രത്യേകമായ നിറക്കൂട്ടിൽ ചായം തേച്ച് മനോഹരമായി നിർമ്മിച്ചിട്ടുള്ള ഈ ചിത്രപണിക്കിന്നും യാതൊ രു കോട്ടവും സംഭവിച്ചിട്ടില്ല എന്നുള്ളത് ചിത്രകലാകാരൻമാർപോലും അത്യത്ഭുതത്തോ ടെയാണ് നോക്കിക്കാണുന്നത്.




വലിയമ്പലം – ഇരുനില



വലിയമ്പലത്തിന്റെ മുകൾ ഭാഗത്ത് കൊത്തുപണികൾ



കൊത്തുപണി



**മരത്തിൽ കൊത്തുപണി**


## ബലിക്കല്ലും, കൊടിമരവും

അന്നപൂർണ്ണേശ്വരിയുടെ വലിയ ബലിക്കല്ല് താഴത്തെ ക്ഷേത്രത്തിന് മുൻവശത്തായി വിളക്കുമാടത്തിനുള്ളിലാണ് സ്ഥിതി ചെയ്യുന്നത്, എങ്കിൽ മുകളിലെ ക്ഷേത്രത്തിൽ വിളക്കുമാടത്തിന് വെളിയിൽ വളരെ ഉയരത്തിൽ മേൽപുരയില്ലാതെ വളരെ വലുപ്പത്തിലാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. അതായത് ദേവിയുടെ ബിംബം വളരെ ഉയരത്തിൽ ആയതിനാൽ ദേവിയുടെ ദൃഷ്ടി മറക്കത്തക്ക രീതിയിലാണ് അത് പണികഴിപ്പിച്ചിരിക്കുന്നത്. ഇന്നും ദേവിയുടെ നേർദൃഷ്ടിയിൽ ക്ഷേത്രത്തിനുപുറത്ത് ഒന്നും വാഴില്ല എന്നൊരു വിശ്വാസവും ഇവിടത്തെ ജനങ്ങൾ പുലർത്തിപോരുന്നു. അതുപോലെ തന്നെ ഏകദേശം 50 മീറ്റർ ദൂരത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന രണ്ടു ധ്വജങ്ങൾ ആകർഷണീയമായ ഒരു കാഴ്ചയാണ്. കേരളത്തിൽ ചുരുക്കം ചില ക്ഷേത്രങ്ങളിൽ മാത്രമേ ഇത്തരത്തിൽ ഉള്ള ഒരു ആകർഷണീയത കാണുവാൻ സാധിക്കുകയുള്ളൂ.



വലിയ ബലിക്കല്ല്





കൽവിളക്ക്

## കൂത്തമ്പലം

ക്ഷേത്രമതിൽ കെട്ടിനുള്ളിൽ ദേവിയുടെ മുൻവശത്ത് വലതുഭാഗത്ത് വടക്കുപടിഞ്ഞാറ് ഭാഗത്തായി സ്ഥിതി ചെയ്യുന്ന കൂത്തമ്പലത്തിനുമുണ്ട് പ്രത്യേകത. കേരളത്തിലെ അപൂർവ്വം ചില ക്ഷേത്രങ്ങളിൽ കണ്ടുവരുന്ന വലിയകണക്കിൽ പണിത കൂത്തമ്പലത്തിന്റെ അടിത്തറയും മറ്റു ഭാഗങ്ങളും ഇവിടെ കാണാമെങ്കിലും അതിനുള്ളിലായി ചെറിയ അളവിൽ പണിത കൂത്തുമാടമാണ് ഇവിടെ ഉള്ളത്. മുമ്പ് സൂചിപ്പിച്ചത് പോലെ വളരെ വർഷങ്ങൾക്ക് മുമ്പ് സംഭവിച്ച അഗ്നിബാധയിൽ നശിച്ചു പോയതാവാം


ആ വലിയ കൂത്തമ്പലം. പുതുക്കി പണിതപ്പോൾ അത് ചെറിയ അളവിൽ പണിതു എന്നും കരുതേണ്ടിയിരിക്കുന്നു.




കൂത്തമ്പലം





കൂത്തമ്പലത്തിനുള്ളിലെ രംഗം, മിഴാവ്



കഴുക്കോൽ വിന്യാസം (വിളക്ക് മാടം)







അലസി കഴുക്കോൽ വിന്യാസം



അലസി കഴുക്കോൽ വിന്യാസം

## അഗ്രശാല

മുകളിൽ സൂചിപ്പിച്ചതുപോലെ ദേവിയുടെ തിരുമുന്നിലിരുന്ന് അന്നഭോജനം കഴിക്കത്തക്കരീതിയിൽ ആണ് ക്ഷേത്രത്തിലെ ഊട്ടുപുര പണിതിരിക്കുന്നത്. രണ്ടുനിലകളിലായി പണിതിരിക്കുന്ന ഈ ഊട്ടുപുര അഗ്രശാല എന്ന പേരിലാണ് അറിയപ്പെടുന്നത്. സ്വാമിയാർ മഠത്തിനോടു ചേർന്നുകിടക്കുന്ന പുര വളരെ വർഷങ്ങൾക്ക് മുൻപ് നിർമ്മിച്ചതാണ്. വളരെയധികം ജീർണ്ണിച്ചിരുന്ന ഈ ഊട്ടുപുര അളവുകൾക്കോ, മറ്റുസ്ഥാനങ്ങൾക്കോ മാറ്റം വരാത്ത രീതിയിൽ ഇന്ന് പുതുക്കിപണിതിരിക്കുന്നു.ഒരേ സമയം 500ൽ അധികം ആളുകൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കുവാനുള്ള സൗകര്യം ഈ ഊട്ടുപുരയിൽ ഉണ്ട്. ഇതിനോട് ചേർന്ന് ഒരിക്കലും വറ്റാത്ത ഒരു കിണർ സ്ഥിതി ചെയ്യുന്നു. അന്നദാനത്തിന് ഉപയോഗിക്കുന്ന ഈ ക്ഷേത്രകിണറ്റിലെ ജലത്തിന് ഔഷധഗുണം കൂടി അനുഭവപ്പെടുന്നുണ്ട്.പരിസരത്തുള്ള മറ്റു കിണറുകളിൽ നിന്നും ലഭിക്കുന്ന ജലത്തേക്കാൾ ശുദ്ധിയും,സ്വാദും അനുഭവപ്പെടുന്നതിനാൽ ഇവിടത്തെ പരിസരവാസികൾ ഭക്ഷണാവശ്യത്തിനായി ഈ ജലമാണ് ഉപയോഗിച്ചുവരുന്നത്.



അന്നദാന മണ്ഡപം



കിണർ

## അന്നദാനം

ദേവൻ പ്രസാദിക്കുന്നത് അന്നം കൊണ്ടാണ്. ഋഷികൾക്കും അന്നം വേണം പിതൃക്കൾ അനുഗ്രഹിക്കുന്നത് അന്നം കൊണ്ട്. അതാണ് അന്നദാനം മഹാദാനം എന്ന് പറയുന്നത്.അന്നപൂർണ്ണേശ്വരിയുടെ തിരുനടയിൽ ദേവിയുടെ കൺമുന്നിൽ വച്ച് നടത്തുന്ന അന്നദാനത്തിൽ അന്നത്തെ ഈശ്വരനായും അന്നഭോജനത്തെ അനുഗ്രഹമായുമാണ് കരുതുന്നത്. ഉദരരോഗങ്ങൾക്ക് പരിഹാരം കാണുന്നതിന് ഭക്തജനങ്ങൾ ഇവിടെ വന്ന് ഒരു ദിവസത്തെ അന്നഭോജനം നടത്തുന്നത് പതിവായിരുന്നു. 18000 പറ മിച്ചവാരമായി ലഭിച്ചിരുന്ന ഈ ക്ഷേത്രത്തിൽ നിത്യേന അന്നദാനം നൽകുക എന്നത് ഒരു പ്രശ്നമായിരുന്നില്ല. ദിവസേന 101 പേർക്കെങ്കിലും അന്നദാനം നടത്തക്കരീതിയിൽ $25^{1}/_{4}$ ഇടങ്ങഴി അരി വച്ച് ദേവിക്ക് നിവേദ്യം നൽകുവാൻ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു.കാലാന്തരത്തിൽ ഭൂസ്വത്തുക്കളെല്ലാം നഷ്ടപ്പെട്ടതിനെ തുടർന്ന് ഇത് നടത്തികൊണ്ടുപോകാൻ കഴിയാതെ വന്നതിനാൽ അത് നിർത്തിവെക്കേണ്ടിവന്നു. ഇപ്പോൾ ഉത്സവകാലങ്ങളിൽ 10 ദിവസവും ക്ഷേത്രത്തിൽ എത്തുന്ന എല്ലാ ഭക്തജനങ്ങൾക്കും അന്നദാനം നൽകിവരുന്നു. കൂടാതെ വഴിപാടായി പലപ്പോഴും ചെറിയതോതിൽ അന്നദാനം നടക്കാറുമുണ്ട്. ദേവിയുടെ ഏറ്റവും പ്രധാനപ്പെട്ട അന്നദാനം പണ്ടത്തെപ്പോലെ നിത്യേന നടത്തുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്നു.



അന്നദാന മണ്ഡപത്തിലെ സ്തംഭവിന്യാസം

## ക്ഷേത്രക്കുളങ്ങൾ

തിരുവാലത്തൂർ ക്ഷേത്രത്തിന്റെ പരിസരത്തായി ഏഴു കുളങ്ങൾ സ്ഥിതി ചെയ്യുന്നു. സ്വാമിയാർ മഠത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന **പൂക്കുഴി കുളമാണ്**, ക്ഷേത്രേശൻമാരും തന്ത്രിയുൾപ്പടെയുള്ള പൂജകൻമാരും മറ്റു പരിചാരകരും ഉപയോഗിച്ചുവരുന്നത്. സ്ത്രീകൾക്ക് പ്രവേശനമില്ലാത്ത ഈ കുളം ഇന്നും വളരെ പവിത്രമായി തന്നെ സൂക്ഷിച്ചുവരുന്നു. കുളപ്പുര ഉൾപ്പടെയുള്ള ഈ കുളമാണ് സ്വാമിയാർമാർ ജപതർപ്പണാദികൾക്ക് ഉപയോഗിക്കുന്നത്. തൻമൂലം ഈ കുളം തീർത്ഥക്കുളമായി കരുതുന്നു.



**തെക്കേ കുളം**





അന്തിമഹാകാളൻകുളം

ക്ഷേത്രത്തിന്റെ തെക്കേ ഗോപുരത്തിന് പുറത്തേക്ക് കടന്നാൽ അവിടെ മറ്റൊരു കുളം കാണാം. **തെക്കേ കുളം** എന്ന പേരിൽ അറിയപ്പെടുന്ന ഈ കുളം ക്ഷേത്രത്തിന്റെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു.ഇവിടെ ഭക്തജനങ്ങൾക്ക് കുളിക്കുവാനുള്ള സൗകര്യമുണ്ട്. കൂടാതെ പാത്രം കഴുകുന്നതിനും മറ്റുമായി ഇത് ഉപയോഗിച്ചുവരുന്നു. മുൻപ് വിശദീകരിച്ചതുപോലെ വളരെ വർഷങ്ങൾക്കുമുൻപ് അന്നപൂർണ്ണേശ്വരി പ്രീതിക്കായി ദേവിയുടെ മുന്നിലുള്ള അഗ്രശാലയിൽ വച്ച് നിത്യേന ഭക്തജനങ്ങൾക്ക് അന്നദാനം നടത്തിയിരുന്നു. അങ്ങിനെ നടന്നുവരുന്ന അന്നദാനത്തിനുള്ള അരി വാർത്ത കഞ്ഞി വീണ് രൂപപ്പെട്ടതാണ് കഞ്ഞിക്കുഴി. കാലക്രമേണ അത് ഒരു കുളമായി പരിണമിച്ചു. തെക്കെ കുളത്തിന് പടിഞ്ഞാറു ഭാഗത്തായി ഇങ്ങനെ ഒരു **കഞ്ഞിക്കുഴികുളം** കൂടി ഉണ്ടായി.

നാലമത്തേത് ക്ഷേത്രത്തിന് മുൻവശത്തായി അന്തിമഹാകാളന്റെ ഇടതുഭാഗത്തായി സ്ഥിതി ചെയ്യുന്ന **അന്തിമഹാകാളൻ കുളമാണ്.** ഇത് ഭക്തജനങ്ങൾക്ക് കുളിക്കുന്ന തിനും മറ്റുമായി ഉപയോഗിച്ചുവരുന്നു. നാൽക്കാലികൾക്ക് ഉപയോഗിക്കുവാനും കൃഷിക്കാർക്ക് ഉപയോഗിക്കുവാനും മറ്റുമായി അഞ്ചാമതായി മറ്റൊരു വലിയ കുളം ക്ഷേത്രത്തിന്റെ തെക്കു പടിഞ്ഞാറുമാറി സ്ഥിതിചെയ്യുന്നു. ആറാമത് ഒരുകുളം ദേവസ്വം കുളത്തിന്റെ ഭാഗമായി തെക്ക് കിഴക്കായി സ്ഥിതിചെയ്യുന്നു. ഏഴാമത്തേത് പടിഞ്ഞാറ് വശത്ത് സ്ഥിതിചെയ്തിരുന്ന താമരക്കുളം ആണ്.

## പണിതീരാത്ത അമ്പലം / ഭൂതം കെട്ടിയ മതിൽ


ചുറ്റുമതിൽ ഇല്ലാത്ത ഭൂതകാലത്തെന്നോ അത്താഴപൂജ കഴിഞ്ഞ് ക്ഷേത്രേശൻമാർ പോകുമ്പോൾ മതിൽ ഉണ്ടായിരുന്നെങ്കിൽ കൊള്ളാമെന്ന് പ്രാർത്ഥിച്ചു. പിറ്റേന്ന് കാലത്ത് വരുമ്പോൾ ഭീമാകാരമായ കരിങ്കൽ തളിരങ്ങൾ ചേർത്ത് പാതി പണിയായ മതിലും ഗോപുര തറകളും കാണാറായി. ഭൂതഗണങ്ങൾ മതിൽ നിർമ്മിച്ചുവെന്നും, മനുഷ്യശബ്ദം കേട്ടപ്പോൾ വെളുപ്പിന് ഭൂതഗണങ്ങൾ പണിനിർത്തി പോയതായും പറയപ്പെടുന്നു. ഏതോ കാരണത്താലുള്ള ശിൽപിയുടെ ശാപം മൂലം പണികൾ പൂർത്തിയാകത്തതാണ് എന്നും പറഞ്ഞുപോരുന്നു.ഏതായാലും മനുഷ്യസാധ്യമല്ലാത്ത വിധമുള്ള കരിങ്കൽ തളിരങ്ങൾ ഉപയോഗിച്ചുള്ള നിർമ്മിതികളും അടിത്തറകളുമായി ബന്ധം കാണാത്ത

മേലോട്ടുള്ള പണികളും കഥകൾക്ക് വിശ്വാസ്യത നൽകുന്നു. ഗോപുരങ്ങളുടെയും, കൂത്തമ്പലത്തിന്റെയും മറ്റും തറകൾ അതികേമമാണ്. ബാക്കി പൂർത്തിയാക്കാത്തതായും പൂർത്തിയായവ തന്നെ തറകളുമായി ബന്ധമില്ലാത്തതായും കാണപ്പെടുന്നു. (ജലനിർഗമന സമ്പ്രദായത്തിന് പൗരാണികമായ എൻജിനീയറിങ്ങിന്റെ കൃത്യത ഇവിടെ കാണാം. നല്ല ശക്തിയായ മഴ പെയ്താൽ മഴ തീരുന്നതോടുകൂടി മുഴുവൻ വെള്ളവും ഒലിച്ചുപോയി തെക്കുവശത്തെ കുളത്തിൽ ചെന്നു ചേരും. ശ്രീലകം ഉൾപ്പടെ മതിൽക്കകത്ത് എവിടെ വീഴുന്ന വെള്ളവും ഒഴുകി കുളത്തിലെത്തുന്ന അതിവിശിഷ്ഠമായ ഡ്രയിനേജ് സംവിധാനം അത്യപൂർവ്വമാകുന്നു.

## ചുറ്റുമതിൽ

ഇവിടത്തെ ചുറ്റുമതിൽ പണിതിരിക്കുന്നത് അത്ഭുതാവഹമാണ്. ഒന്നിലധികം ആളുകൾ ചേർന്ന് ശ്രമിച്ചാൽ പോലും ഉയർത്താൻ സാധിക്കാത്ത വിധത്തിലുള്ള കരിങ്കൽ തളിരങ്ങൾ വെറുതെ അടുക്കിവച്ചാണ് ഈ ചുറ്റുമതിൽ പണിതിരിക്കുന്നത്. സിമന്റോ, ചുണ്ണാമ്പുകൂട്ടോ അതുപോലെയുള്ള മറ്റു പശകൂട്ടുകളോ ഒന്നും തന്നെ ചേർക്കാതെ നിർമ്മിച്ചിരിക്കുന്ന ഈ വൻമതിൽ ആധുനിക യുഗത്തിലെ വിദഗ്ധരായ എൻജിനീയർ മാരെപ്പോലും അത്ഭുതസ്തബ്ധരാക്കുന്നു.


ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി ക്ഷേത്രത്തിലെത്തിച്ച വൻ കരിങ്കൽ തളിരങ്ങൾ കൊണ്ടു വന്നതിനാൽ ഉണ്ടായതാണ് എന്ന് വിശ്വസിക്കുന്ന ഒരു ഭാഗം ശോകനാശിനി പുഴയിൽ തീർത്ഥകടവിൽനിന്നും പടിഞ്ഞാറുമാറി കാണപ്പെടുന്നു. ഇത് ഇന്ന് തോടായി രൂപാന്തരപ്പെട്ടിരിക്കുന്നു



ചുറ്റുമതിൽ ( പടിഞ്ഞാറ് ഭാഗം )



ചുറ്റുമതിൽ (വടക്ക് ഭാഗം)




**ചുറ്റുമതിൽ മുകൾ ഭാഗം പ്രത്യേകതരം കല്ല് കൊണ്ട് നിരത്തിയിരിക്കുന്നു**

## തീർത്ഥക്കടവ്

എല്ലാ ക്ഷേത്രങ്ങളിലും അഭിഷേകജലം ഒഴുകുന്നത് വടക്കോട്ടാണ്. ശ്രീ കോവിലുകൾക്കെല്ലാം വടക്കോട്ടും വാലും തുടർന്ന് ഓവും ഉണ്ടാവും. തിരുവാലത്തൂർ ക്ഷേത്രത്തിലും അതുപോലെതന്നെയാണ്. എന്നാൽ അതിന്റെ രുടർച്ചയായി വടക്കോട്ട് പതിക്കുന്ന അഭിഷേകജലം വളരെ ശുദ്ധമായി തന്നെ ഒഴുകിചെന്ന് പുഴയിൽ പതിക്കത്തക്ക രീതിയിൽ ആണ് വടക്കെ നടയിൽ പുഴവരെ കല്ല് വിരിച്ചിരിക്കുന്നത്. ഉത്സവകാലത്ത് ദേവിയുടെ പള്ളി ആറാട്ട് നടത്തുന്ന സ്ഥലം ഈ കടവിന്റെ മുകൾ വശത്തായി വരും. അതിനാൽ ക്ഷേത്രദർശനത്തിനു വരുന്ന ഭക്തജനങ്ങൾക്ക് ദേവിയുടെ ആറാട്ട് കഴിഞ്ഞ് വരുന്ന വെള്ളത്തിൽ ഈ തീർത്ഥക്കടവിൽ വച്ച് സ്നാനം കഴിഞ്ഞ് ശുദ്ധമായി ക്ഷേത്രദർശനം നടത്താവുന്ന രീതിയിൽ ആണ് ഈ തീർത്ഥക്കടവ് പണിതിരിക്കുന്നത്.



തീർത്ഥകടവിലേക്കുള്ള വടക്കുനട



തീർത്ഥകടവിലേക്ക് പുഴവരെ കല്ല് വിരിച്ചത്

## ശോകനാശിനി പുഴ

**ഭാരതപുഴ** എന്ന **കേരളഗംഗ** പല പോഷക നദികളായി ഒഴുകി ചേർന്ന് പൊന്നാനിയിൽ വച്ച് ഒന്നായി കടലിൽ പതിക്കുന്നു. ഇരു കരകളിലുമായി അനേകം പുണ്യസ്ഥാനങ്ങൾ , വേദവൈദിക സ്ഥാപനങ്ങൾ, സാംസ്കാരിക കേന്ദ്രങ്ങൾ, ചെറുതും വലുതുമായ നഗരങ്ങൾ, അപൂർവ്വതകളും നിഗൂഢതകളും ഉൾക്കൊള്ളുന്ന ഭൂപ്രദേശങ്ങൾ , അങ്ങിനെ വിവരിക്കാൻ സാധിക്കാത്തിടത്തോളം സംഗതികൾ നിളയുടെ സന്തത സഹചാരിയാണ്. മനുഷ്യജീവിതത്തിലെ ശോകങ്ങളെ അകറ്റാൻ ശക്തിയുള്ള ദേവി മഹിഷാസുരമർദ്ദിനിയുടെ സാന്നിദ്ധ്യം കൊണ്ട് പുഴയുടെ ഈ ഭാഗത്തെ ശോകനാശിനി പുഴ എന്ന് പറയുന്നു. ഈ ഭാഗത്ത് ക്ഷേത്രക്കടവിൽ കുളിച്ചു ദർശനം നടത്തുന്നത് തന്നെ ശോകനാശത്തിന് ഹേതുവാകുന്നുവത്രെ.



ശോകനാശിനിപുഴ ( ഭാരതപുഴ )



## തിരുവാലത്തൂർ

ശോകനാശിനി തീരത്ത് സ്ഥിതി ചെയ്യുന്ന ഈ പ്രദേശം തിരുവാലത്തൂർ എന്ന പേരിൽ അറിയപ്പെടുന്നത്. തിരുവാലത്തൂർ എന്ന പേരിനു പിന്നിൽ ഒരു ഐതീഹ്യമുണ്ട്. മുൻപ് ഈ നദി ദേവിയുടെ ഇടതുഭാഗത്തുകൂടിയാണ് ഒഴുകിയിരുന്നത് എന്നും പിന്നീട് ദേവി തന്നെ അതിന്റെ ഗതിമാറ്റി വലതുവശത്തു കൂടെ ഒഴുക്കിവിട്ടു എന്നുമാണ്. അങ്ങിനെ ദേവിയുടെ വലതുവശത്തുകൂടി നദി ഒഴുകുന്ന പ്രദേശം എന്ന് ധ്വനിപ്പിക്കും വിധം വലത്ത് ആറും ബഹുമാനസൂചകമായ തിരുവും കൂടിചേർന്ന് തിരുവാലത്താറ് എന്ന പേര് വന്നു എന്നും കാലാന്തരങ്ങളിൽ ആറ് എന്നത് ഊര് ആയി പരിണമിച്ച് തിരുവാലത്തൂർ ആയി എന്നുമാണ് കരുതുന്നത്.

## അന്തിമഹാകാളൻ

ക്ഷേത്രത്തിന്റെ രക്ഷകസ്ഥാനിയായി മുൻവശം തന്നെ അന്തിമഹാകാളൻ കിഴക്കോട്ട് ദർശനമായി പടിഞ്ഞാറെ നടയിൽ സ്ഥിതി ചെയ്യുന്നു.

## സ്വാമിയാർ മഠം

വളരെ പഴക്കമുള്ള ഈ സ്വാമിയാർ മഠം ക്ഷേത്രത്തിലെ ചുറ്റുമതിലിനു വെളിയിലായി, എന്നാൽ ക്ഷേത്രത്തോടു ചേർന്ന് രണ്ടുനിലയിൽ നാലുകെട്ടായി പണിതിരിക്കുന്നു. പൂമുഖത്തോടുയോജിപ്പിച്ച് കുളപ്പുര,വിശാലമായ കുളം

കിഴക്കു വടക്കും കുളക്കടവുകൾ, രണ്ടു സ്വാമിയാർ സമാധികൾ അവിടെനിന്ന് അന്നദാനമണ്ഡപത്തിലേക്കും ക്ഷേത്രത്തിന് അകത്തേക്കും കടക്കാൻ വഴി. എല്ലാം കൂടി യോജിപ്പിച്ചുകൊണ്ടുള്ള കൂട്ടികെട്ട്. സ്വാമിയാരുടെ തേവാരപുര, ശ്രീകൃഷ്ണൻ പ്രധാനം, സാളഗ്രാമം, ഇവിടെയാണ് മഹിഷാസുരമർദ്ദിനി ദേവിയെ പതിവായി അത്താഴ പൂജയ്ക്ക് ശേഷം എഴുന്നള്ളിച്ച് ഇരുത്തുന്നത്. ഇവിടെ വച്ച് സ്വാമിയാർക്ക് ദിക്ഷ, വച്ച് നമസ്ക്കാരം മുതലായവ നടത്താറുണ്ട്.കാവി, ഗോപി,കടുക്ക,ചുക്ക്, ചന്ദനമുട്ടി, ഇണവസ്ത്രം, യഥാശക്തി ദ്രവ്യം എന്നിവയാണ് വച്ച്-നമസ്ക്കാരത്തിനുവേണ്ടത്. ആണ്ടിലൊരിക്കൽ സ്വാമിയാർമാരുടെ സമാധിദിവസം യോഗീശ്വരപൂജ, അഷ്ടമിരോഹിണി, വിശേഷാൽ ശ്രീകൃഷ്ണന് പൂജ, നവരാത്രിഗ്രന്ഥം വയ്പ് എന്നിവ മഠത്തിൽ പതിവുണ്ട്. ഓണത്തിന് ഓണപ്പുടവ സ്വാമിയാർ നൽകുന്ന പതിവുണ്ട്. കർക്കടകം 16 ന് ഔഷധ സേവാദിനം മരുന്നു നൽകുന്നു. ഔഷധീസുക്തം ജപിച്ച് ധന്വന്തരി പൂജ കഴിച്ച് രാവിലെ 7 മണിയ്ക്ക് വിതരണം നടത്തുന്നു.

സ്വാമിയാരുടെ ജപാസനമായി ഉപയോഗിക്കുന്ന കൃഷ്ണാഞ്ജലം, (കൃഷ്ണമൃഗത്തിന്റെ തോല്) സന്യാസക്രിയയും ആചാരങ്ങളും വിവരിക്കുന്ന കൈയ്യെഴുത്ത് ഗ്രന്ഥം, ദേവിയുടെ ഗോളക എന്നിങ്ങനെയുള്ള അപൂർവ്വ വസ്തുക്കൾ ഇവിടെ സൂക്ഷിച്ചു വരുന്നു.

ക്ഷേത്രത്തിലേക്ക് വരുന്ന നെല്ല് സൂക്ഷിക്കുന്നതിനുള്ള ധാന്യപ്പുര കലവറ എന്നിവയും, സ്വാമിയാർ മഠത്തിന്റെയും,ദേവസ്വങ്ങളുടെയും ഓഫീസും ഇതിന്റെ ഭാഗമായി സ്ഥിതി ചെയ്യുന്നു.

ക്ഷേത്രകലകളിൽപ്പെട്ട ചാക്യാർകൂത്തിന് ഉപയോഗിക്കുന്ന വാദ്യ ഉപകരണമാണ് മിഴാവ്. കേരളത്തിൽ വച്ച് ഏറ്റവും വലുപ്പം കൂടിയത് എന്ന് കരുതുന്ന മിഴാവ് ഇവിടെയാണ്. അതും സൂക്ഷിച്ചുവച്ചിരിക്കുന്നത് സ്വാമിയാർ മഠത്തിലാണ്.

ഇവിടെവച്ച് സമാധിയായ സ്വാമിയാർമാരെ വൈഷ്ണവ പ്രതിഷ്ഠാവിധി അനുസരിച്ച് ഈ മഠത്തിനുള്ളിൽ കുടിയിരുത്തിയിരിക്കുന്നു. യോഗമുദ്രയോടുകൂടി വൈഷ്ണവസങ്കൽപ്പത്തിൽ സമാധിയായിരിക്കുന്ന സ്ഥലത്തെ ദൂമിധാനമെന്നാണ് പറയുക. ഇവിടെ അങ്ങിനെയുള്ള രണ്ട് ദൂമിദാനങ്ങൾ ഉണ്ട്. അവിടെ ശ്രീലകം പണിത് നിത്യേനപൂജനടത്തിവരുന്നു. വർഷത്തിലൊരിക്കൽ യോഗീശ്വരപൂജയും ബ്രാമണർക്ക് കാലുകഴുകിയുള്ള ഊട്ട്, മറ്റ് ദോഷപരിഹാരകർമ്മങ്ങൾ എന്നിവയും ചെയ്തുവരുന്നു.സ്വാമിയാർ സമാധിയായ നക്ഷത്രദിവസം സ്വാമിയാരുടെ അനുഗ്രഹത്തിനായി ചെയ്തുവരുന്ന പ്രത്യേകമായ പൂജയാണ് യോഗീശ്വര പൂജ.

### ദേവസ്വം കളം

ദേവസാന്നിദ്ധ്യം ഉണ്ടെന്ന് കരുതുന്ന ദേവസ്വം കളം 500 പറ നിലവും കളവും, ആ നെല്ല് ഇവിടെ പ്രത്യേകമായി പൂജയ്ക്ക് എടുക്കുന്നു.ആ കളത്തിൽ അഹിതമായ പെരുമാറ്റം ഉണ്ടായപ്പോൾ അവിടം കത്തി നശിച്ചത് അടുത്ത കാലത്തെ അനുദവമാണ്. തുടർന്ന് ബന്ധപ്പെട്ടവരുടെ ഭവനങ്ങളും കത്തി നശിച്ചു എന്നത് ദേവിയുടെ അപ്രീതിയുണ്ടായകാലത്തെ അനുദവസാക്ഷ്യം.

ഇതുപോലെ ധാരാളം അനുദവസാക്ഷ്യങ്ങളുണ്ട്. പ്രാർത്ഥനകൊണ്ട് ഐശ്വര്യവും, സമ്പത്തും, സന്തതി പരമ്പരകളും ഉണ്ടായതും ,ദേവി നിന്ദയുടെ ഫലമായി തീരാത്ത ദുരിതങ്ങൾ അനുദവിക്കുന്നതും ആയ ധാരാളം കഥകൾ ഉണ്ട്.

കീഴേടമായ ഇല്ലത്ത് പറമ്പിൽ ഇന്നും കാണുന്ന അന്തിമഹാകാളൻ കാവിൽ പൂജയ്ക്ക് ശാന്തിക്കാരൻ പോകുന്ന സമയം വഴി മാറാതിരുന്ന നീലിയെ ശപിച്ച് കല്ലായി മാറ്റിയതായി പറയപ്പെടുന്നു. ഇതാണെന്നു വിശ്വസിച്ചുപോരുന്ന ഒരു കരിങ്കൽ സ്തൂപം ക്ഷേത്രത്തിന്റെ തെക്കുവശത്ത് പാടങ്ങൾക്കു നടുവിലായി ഇന്നും സ്ഥിതിചെയ്യുന്നു.

എണ്ണപ്പാടം HO ക്ഷേത്രത്തിലെ മുഴുവൻ ദീപങ്ങളും തെളിയിക്കുവാൻ ആവശ്യമായ എണ്ണ സംഭരിക്കുവാൻ വേണ്ടി മാത്രമുള്ള ഭൂമിയും ഈ ക്ഷേത്രത്തിനുണ്ടായിരുന്നു. പാലക്കാട് ജില്ലയിലെ എലപ്പുള്ളിക്ക് സമീപം ഉള്ള എണ്ണപ്പാടം എന്ന പ്രദേശം ഈ ക്ഷേത്രത്തിന്റെ സ്വന്തമായിരുന്നു. ഇവിടെ നിന്നും ലഭിക്കുന്ന നെല്ലിൽനിന്നും കിട്ടുന്ന വരുമാനം ഈ ദീപങ്ങൾ തെളിയിക്കാൻ ഉപയോഗിച്ചുവന്നിരുന്നു. അങ്ങനെയാണ് ഈ പ്രദേശത്തിന് എണ്ണപ്പാടം എന്ന പേര് വന്നത്.

## നിത്യാചാരം

വെളുപ്പിന് 5 മണിയ്ക്ക് നട തുറക്കുമ്പോഴേക്കും സ്വാമിയാർ മഠത്തിൽ നിന്നും മഹിഷാസുരമർദ്ദിനിദേവിയെ എഴുന്നള്ളിച്ചുകൊണ്ടുവന്ന് ദീപം തെളിയിക്കും.അവിടെ തലേദിവസം എഴുന്നള്ളിച്ചുവച്ച അന്നപൂർണ്ണേശ്വരിദേവിയുടെ തിടമ്പ് താഴത്തെ നടയിലേക്കും എഴുന്നള്ളിക്കും. അഭിഷേകം മലർ നിവേദ്യം, ഉഷപൂജ,ഉച്ചപൂജ കഴിഞ്ഞ് $10^1/_2$ മണിയ്ക്ക് നട അടക്കും. വൈകിട്ട് 5 മണിയ്ക്ക് നട തുറന്ന് ദീപാരാധന, അത്താഴപൂജ,തൃപ്പുക എന്നിവ കഴിഞ്ഞ് അന്നപൂർണേശ്വരിദേവിയെ മഹിഷാസുരമർദ്ദിനി ശ്രീ കോവിലിൽ വെയ്ക്കും. മഹിഷാസുരമർദ്ദിനിദേവിയെ സ്വാമിയാർ മഠത്തിലേക്കും എഴുന്നള്ളിച്ച് പള്ളി കുറുപ്പ് കഴിച്ച് 8 മണിയ്ക്ക് നട അടക്കും.മറ്റൊരു ക്ഷേത്രത്തിലും കാണാത്ത ഒരു സവിശേഷാചാരമാണ് ഈ നിത്യേനയുള്ള പുറത്തേക്ക് എഴുന്നള്ളിപ്പ് എന്ന് പ്രത്യേകം പറയേണ്ടിയിരിക്കുന്നു.

## മാസവിശേഷം

എല്ലാ മലയാളമാസവും കാർത്തിക വിശേഷമാണ്. ആദ്യത്തെ വെള്ളിയാഴ്ച തന്ത്രിയുടെ കാർമികത്വത്തിൽ നവകം പഞ്ചഗവ്യം സഹിതം പ്രത്യേക പൂജ നടത്തിവരുന്നു. പ്രസിദ്ധ താന്ത്രിക കുടുംബമായ അണ്ടലാടി മനയ്ക്കലെ നമ്പൂതിരിമാർക്കാണ് ഈ ക്ഷേത്രത്തിലെ തന്ത്രം. മേടമാസത്തിലെ രോഹിണിനാളിലാണ് ദേവിയുടെ പ്രതിഷ്ഠാദിനം. അന്ന് ലക്ഷാർച്ചന ഉൾപ്പടെയുള്ള പൂജാദികർമ്മങ്ങളും മഹാനിവേദ്യമായ ചതുശത നിവേദ്യവും, അന്നദാനവും നടത്താറുണ്ട്.വൈകുന്നേരം ചുറ്റുവിളക്ക്, നിറമാല,പ്രദോഷണം തുടങ്ങിയവ യും ഉണ്ടാവുക പതിവാണ്.

## മറ്റു പ്രത്യേകതകൾ

സാധാരണ ക്ഷേത്രങ്ങളിൽ നടത്തിവരുന്നതായ വൈദികക്രിയകളായ തത്വഹോമം, നെയ്മുറജപം, വാരം, സുകൃതഹോമം മുതലായവ അന്നപൂർണേശ്വരി ക്ഷേത്രത്തിലാണ് കണ്ടുവരുന്നത്. മഹിഷാസുരമർദ്ദിനിയുടെ മണ്ഡപത്തിൽ ബ്രാഹ്മണർ നമസ്ക്കരിക്കാറില്ല. സാധാരണ ജപം തന്നെ അന്നപൂർണ്ണേശ്വരി മണ്ഡപത്തിലാണ്. പ്രത്യേകമായ വേദജപം മഹിഷാസുരമർദ്ദിനിയുടെ മുഖമണ്ഡപത്തിലാണ് നടത്തുക. സാധാരണയായി ദാരുബിംബത്തിൽ കണ്ടുവരാറുള്ള ചാന്താട്ടം ഇവിടെ പതിവില്ല. എന്നാൽ പ്രത്യേക യോഗത്തിലുള്ള കഷായം ഉണ്ടാക്കി തൈലാദിഷേകം നടത്തുന്ന പതിവുണ്ട്. കർക്കിടകം 1 ന് തന്ത്രി നമ്പൂതിരി വന്ന് 108 നാളികേരം കൊണ്ടുള്ള അഷ്ടദ്രവ്യ മഹാഗണപതിഹോമം നടത്തിയാണ് കർക്കിടക മാസത്തെ ഈശ്വരസേവ ആരംഭിക്കുക.

## തൃക്കാർത്തിക മഹോത്സവം

വൃശ്ചികമാസത്തിലെ തൃക്കാർത്തികനാൾ 9-ാം ദിവസമായി വരത്തക്ക രീതിയിൽ കൊടിയേറ്റം നടത്തി 10 ദിവസം നീണ്ടു നിൽക്കുന്ന ഉത്സവം അത്യധികം ഗംഭീരമായി തന്നെ നടത്തുന്നു. മുളയിട്ട് കൊടിയേറ്റം മുതൽ ശ്രീഭൂതബലി ഉൾപ്പടെയുള്ള താന്ത്രിക കർമ്മങ്ങൾ ഒട്ടും ലോപമില്ലാതെ തന്നെ നടന്നുവരുന്നു. അതുപോലെ ഉത്സവത്തിന്റെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന 'ഉത്സവബലി' എന്ന ചടങ്ങും രണ്ട് ക്ഷേത്രങ്ങളിലും നടത്തുന്നു. ഉത്സവകാലങ്ങളിൽ രണ്ടു ക്ഷേത്രത്തിലും ഒരേ സമയത്താണ് പൂജാദികർമ്മങ്ങൾ നടത്തുക.

കാലത്ത് രണ്ട് ദേവിമാരും ആന അകമ്പടിയോടു കൂടി ആറാട്ടിന് പുറപ്പെടുന്നു. ക്ഷേത്രത്തിൽനിന്നും 200 മീറ്റർ അകലെയുള്ള ശോകനാശിനി പുഴയിലുള്ള ആറാട്ടുകടവിൽ ചെന്ന് നീരാട്ടുനടത്തുന്നു.അതിനുശേഷം അവിടെ തന്നെയുള്ള ആളിയാർ ശിവക്ഷേത്രത്തിൽ വന്ദിച്ച്, തിരികെ ക്ഷേത്രത്തിലേക്ക് മടങ്ങുന്ന ദേവിക്ക് അകമ്പടി സേവിക്കുന്നതിനായി വാദ്യകലാകാരൻമാരുടെ നേതൃത്വത്തിലുള്ള പാണ്ടിമേളവും, ക്ഷേത്രത്തിനകത്ത് എത്തിയാൽ പഞ്ചാരിമേളവും ഉണ്ടായിരിക്കും. തിരിച്ചെഴുന്നള്ളി അകത്തുവന്നാൽ 25 കലശാദിഷേകം കഴിച്ചു ഉച്ചപൂജയും, ശ്രീഭൂതബലിയും കഴിക്കുന്നു.അതുപോലെ വൈകുന്നേരം പഞ്ചവാദ്യത്തോടു കൂടിയുള്ള കാഴ്ചശീവേലിയും പതിവാണ്.

ഉത്സവത്തിന് കൊഴുപ്പേകുന്നതിനായി വിവിധകലാപരിപാടികളും ക്ഷേത്രത്തിൽ അരങ്ങേറുന്നു.ചാക്യാർകൂത്ത്, ഓട്ടൻതുള്ളൽ, പാഠകം, കഥകളി, തായമ്പക തുടങ്ങിയ ക്ഷേത്രകലകൾക്ക് പ്രാമുഖ്യം നൽകിയാണ് പരിപാടികൾ നടത്തുന്നത്. നേരത്തെ സൂചിപ്പിച്ചിരുന്നതുപോലെ ഉത്സവകാലങ്ങളിൽ എല്ലാ ദിവസവും ക്ഷേത്രത്തിലെത്തുന്ന എല്ലാ ഭക്തജനങ്ങൾക്കും അന്നദാനം നൽകിവരുന്നു.ഭക്തജനങ്ങളുടെ സഹായസഹ കരണങ്ങൾ കൊണ്ടാണ് ഇത് ഇപ്പോൾ നടത്തിവരുന്നത്. അതിൽ ഏറ്റവും പ്രധാനം തൃക്കാർത്തിക നാളിൽ നടക്കുന്ന 'കാർത്തിക ഊട്ട്' ആണ്. അതിൽ പങ്കെടുത്ത് അന്നം ഭുജിക്കുന്നതിനായി ആയിരകണക്കിന് ഭക്തജനങ്ങളാണ് ക്ഷേത്രത്തിൽ എത്തുന്നത്. അതുപോലെതന്നെ പ്രധാന്യമേറിയതാണ് ആറാട്ട് സദ്യയും.

ക്ഷേത്രത്തിന്റെ മറ്റൊരു ആകർഷണീയത ചുറ്റമ്പലത്തിന്റെ പുറത്തെ ഭിത്തിയിൽ വച്ചിരിക്കുന്ന കൽവിളക്കുകളാണ്. ഉത്സവകാലങ്ങളിൽ എല്ലാ ദിവസവും ഈ കൽവിളക്കുകളിൽ ദീപം തെളിയിക്കുന്നു. പന്തീരായിരത്തോളം കൽവിളക്കുകളിൽ ഒന്നിച്ച് ദീപം തെളിയിക്കുമ്പോഴുള്ള നയന മനോഹരമായ കാഴ്ച ഏതൊരു ഭക്തനെയും പുളകം കൊള്ളിക്കുന്നതാണ്. കാർത്തിക നാളിൽ ഇത് മുഴുവൻ നെയ്യിലാണ് കത്തിക്കുന്നത്. ക്ഷേത്രത്തിലെ ഏറ്റവും പ്രധാന ദിവസമായ തൃക്കാർത്തിക നാളിൽ ഉണ്ടാകുന്ന ഭക്തജനതിരക്ക് വിവരണാതീതമാണ്.

അതുകഴിഞ്ഞാൽ ഏറ്റവും പ്രധാന്യമേറിയ ചടങ്ങാണ് 'പള്ളിവേട്ട' എന്നത്. ദേവി ആനപ്പുറത്ത് എഴുന്നള്ളി നിശബ്ദമായി നായാട്ടിന് പോകുന്നു. ക്ഷേത്രത്തിനു നേരെ മുൻവശത്തുള്ള പള്ളിയാൽവരെ ചെന്ന് വേട്ട വിളിച്ചു ജനങ്ങളുടെ ആർപ്പുവിളികളോടെ തിരിച്ചുവരുന്ന ചടങ്ങാണ് ഇത്. അതു കഴിഞ്ഞ് ദേവിയുടെ പള്ളി ഉറക്കമാണ്. വിധിയാംവണ്ണം തന്ത്രിയുടെ കാർമികത്വത്തിൽ ദേവിയെ പള്ളി ഉറക്കുന്നു. പിറ്റേന്ന് പുലർച്ചെ പശു കിടാവിനെയും കണികോപ്പുകളേയും കണികണ്ടുകൊണ്ടാണ് ദേവി ഉണരുന്നത്.നേരം പുലർന്നു കഴിഞ്ഞാൽ കൊടിയിറക്കി ദേവിമാർ ആറാട്ടിനു പോകുന്നു. ആനപ്പുറത്തു തിരിച്ചുവരുന്ന ദേവിയെ നിറപറയും നിലവിളക്കുമായി ക്ഷേത്രത്തിലേക്ക് ആനയിക്കുന്നു. തുടർന്ന് ക്ഷേത്രത്തിനുചുറ്റും മൂന്ന് പ്രദക്ഷിണം വച്ച് ക്ഷേത്രത്തിനക

ത്തേക്ക് പ്രവേഷിക്കുന്നു. അതിനുശേഷം ഉച്ചക്ക് ഭക്തജനങ്ങൾക്ക് നൽകുന്ന ആറാട്ട് സദ്യയോടുകൂടി ഉത്സവചടങ്ങുകൾ സമാപിക്കുന്നു.

## നടുവിൽ മഠം പ്രതാപത്തിലേക്ക്

തിരുവാലത്തൂർ ഭഗവതിമാരുടെ അനുഗ്രഹത്താൽ നടുവിൽ മഠവും നടുവിൽ മഠം സ്വാമിയാർമാരുടെ ആരാധനയിലൂടെ തിരുവാലത്തൂർ ക്ഷേത്രവും അഭിവൃദ്ധിപ്പെട്ടുവന്നു. സമീപപ്രദേശത്തെ പല ക്ഷേത്രങ്ങളും കീഴെടങ്ങളായി തീർന്നു. ആളിയാർ ശിവക്ഷേത്രം, ഉമാമഹേശ്വരക്ഷേത്രം,ഗണപതിക്ഷേത്രം,അയ്യപ്പൻകാവ്,തിരുനാഗപ്പുള്ളി ക്ഷേത്രം തുടങ്ങിയവ ഉദാഹരണങ്ങൾ. കൂടാതെ മലബാർ പ്രദേശത്തെ നിരവധി ക്ഷേത്രങ്ങൾ നടുവിൽ മഠത്തിലേക്ക് വന്നുചേർന്നു.

തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട നടുവിൽ മഠം സ്വാമിയാരാണ് വില്വമംഗലം സ്വാമിയാർ ഉത്തരേന്ത്യയിൽ കൃഷ്ണശുകൻ എന്നറിയപ്പെടുന്ന ഇദ്ദേഹമാണ് കൃഷ്ണഭക്തി കേരളത്തിൽ പ്രചരിപ്പിച്ചത്. ഇന്നും ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ നടുവിൽമഠം സ്വാമിയാരുടെ നിത്യപുഷ്പാഞ്ജലി നടന്നുവരുന്നു. മാത്രമല്ല കേരളത്തിലുടനീളവും കന്യാകുമാരി ജില്ലയിലും പല ക്ഷേത്രങ്ങളും നടുവിൽ മഠത്തിന്റേതായി ഉണ്ട്. മലബാർ പ്രദേശത്ത് 40 ഓളം ക്ഷേത്രങ്ങൾ മഠത്തിന്റേതായി ഇന്നും നിലനിൽക്കുന്നു. ഇതിന്റെയെല്ലാം സെൻട്രൽ ഓഫീസ് തിരുവാലത്തൂർ ആണ്

ശുചീന്ദ്രം ക്ഷേത്രത്തിൽ വച്ച് നടത്തുന്ന സത്യപരീക്ഷണത്തിന് അനുമതി നൽകുന്നത് നടുവിൽ മഠം സ്വാമിയാരായിരുന്നു. തിരുവല്ല ശ്രീ വല്ലഭക്ഷേത്രത്തിൽ മേൽശാന്തിയെ അവരോധിക്കുമ്പോൾ കുട നൽകി കൈപിടിച്ച് ശ്രീകോവിലിലേക്ക് പ്രവേശിപ്പിച്ച് പ്രത്യേക മന്ത്രോപദേശം നൽകുന്നതും നടുവിൽ മഠം സ്വാമിയാരാണ്. ഇത്തരത്തിൽ നിരവധി ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ആചാരങ്ങളും ചടങ്ങുകളും നടുവിൽ മഠത്തിലേക്ക് അനകാശമായി ഉണ്ട്.

ആദി ശങ്കരാചാര്യ ശിഷ്യനായ സുരേശ്വരാചാര്യ സ്വമികളുടെ പരമ്പരയിൽപെട്ടതാണ്. തൃശ്ശിവപ്പേരൂർ നടുവിൽ മഠം പ്രസിദ്ധനായ വില്വമംഗലം സ്വാമിയാർ മുതൽ അനേകം യതി ശ്രേഷ്ഠർ വിരാജിച്ച ആശ്രമമാണ് നടുവിൽ മഠം. തിരുവാലത്തൂർ രണ്ടുമൂർത്തി ഭഗവതിക്ഷേത്രം ഉൾപ്പടെയുള്ള പല മഹാക്ഷേത്രങ്ങളുടെയും ട്രസ്റ്റിയാണ് നടുവിൽ മഠം മൂപ്പിൽ സ്വാമിയാർ. ഒരു കാലത്ത് നാട്ടിൽ പാതി നടുവിൽ മഠം എന്ന് ഉദ്ഘോഷിക്കത്തക്കവിധം പ്രതാപ ഐശ്വര്യങ്ങളോടും, അധികാരങ്ങളോടും കൂടി സമ്പന്നമായിരുന്നു ഈ മഠം. അരനൂറ്റാണ്ടു കാലമായി മാറി മാറി വന്ന രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക മാറ്റങ്ങളെ തുടർന്ന് ഈ മഹാക്ഷേത്രം ശരിയാവണ്ണം നടത്തികൊണ്ട് പോകാൻ ബുദ്ധിമുട്ടുന്ന ഒരു അവസ്ഥയായി തീർന്നു.ഇപ്പോൾ പുനരുദ്ധാരണ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

നടുവിൽ മഠം മൂപ്പിൽ സ്വാമിയാർ നേരിട്ട് നിയമിക്കുന്ന ജനറൽ മാനേജർ ആണ് ഭരണാധികാരി ഈ ക്ഷേത്രത്തിന്റെ മാത്രമല്ല മലബാറിലുള്ള മുഴുവൻ നടുവിൽ മഠം ദേവസ്വങ്ങളുടെയും ഭരണാധികാരിയാണ് ഇദ്ദേഹം. ഓരോ ക്ഷേത്രത്തിനും ഓരോ കാര്യസ്ഥൻമാരെ നിയമിച്ചാണ് ഭരണം മുന്നോട്ടുകൊണ്ടുപോകുന്നത്.

ഭക്തജനങ്ങളുടെയും നാട്ടുകാരുടെയും ഒരു സമിതി രൂപീകരിച്ച് അവരുടെയും ദേവസ്വത്തിന്റെയും ഒന്നിച്ചുള്ള പ്രവർത്തനം കൊണ്ടാണ് ഉത്സവം നടന്നുവരുന്നത്. ഇപ്പോൾ ക്ഷേത്രപുനരുദ്ധാരണമെന്ന ലക്ഷ്യത്തോടുകൂടി ഇത്തരത്തിലുള്ള ഒരു സമിതി രൂപീകരിക്കുകയും അതിന്റെ മേൽനോട്ടത്തിൽ ക്ഷേത്ര ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾ പുരാഗമിക്കുകയും ചെയ്തുവരുന്നു.

# പൂജാ സമയ വിവരങ്ങൾ

രാവിലെ 5 മണിക്ക് നട തുറക്കൽ

രാവിലെ 6.30 മുതൽ 7.30 വരെ ഉഷപൂജ

രാവിലെ 8.30 മുതൽ 9.30 വരെ ഉച്ചപൂജ


രാവിലെ 10 മണിക്ക് നട അടക്കൽ

വൈകുന്നേരം 5 മണിക്ക് നട തുറക്കൽ

വൈകുന്നേരം 6.15 മുതൽ 6.45 വരെ ദീപാരാധന

വൈകുന്നേരം 7.30 മുതൽ 8.30 മണിവരെ  അത്താഴപൂജ

രാത്രി 8 മണിക്ക് നട അടക്കൽ




1900 വർഷത്തിലെ തിരുവാലത്തൂർ അമ്പലത്തിന്റെ ഫോട്ടോ


# കൂത്തമ്പലത്തിലെ ക്ഷേത്രകലകൾ





# ഉത്സവകാലത്തിലെ ഫോട്ടോ





# ഉപസംഹാരം

മേൽ വിവരിച്ച പ്രകാരം നിരവധി പ്രത്യേകതൾ ഉള്ള ഈ മഹാക്ഷേത്രം ഭാരതീയ സംസ്കൃതിയുടെ അവിഭാജ്യഘടകമാകുന്നു. നീണ്ടുപരന്നു കിടക്കുന്ന വയലേലകൾ, പരിസരത്തുകൂടി ഒഴുകുന്ന നദി, ചുറ്റുമുള്ള ക്ഷേത്രക്കുളങ്ങൾ സ്വാമിയാർ മഠം അങ്ങനെ ഒട്ടനവധി സവിശേഷതകൾ ഒത്തിണങ്ങിയ ഈ ക്ഷേത്രം ഇവിടെയെത്തുന്ന ഓരോ ഭക്തനും അവിസ്മരണീയമായ ഒരനുഭൂതിയാണ് പ്രദാനം ചെയ്യുന്നത്.

അതിപുരാധന കാലം മുതൽ അരനൂറ്റാണ്ട് മുമ്പുവരെ അതി പ്രശസ്തമായി നിലകൊണ്ടിരുന്ന ഈ ക്ഷേത്രത്തിന്റെ നഷ്ടപ്രതാപവും പ്രൗഢിയും വീണ്ടെടുക്കുന്നതിനായി അഹോരാത്രം പ്രവർത്തിക്കുവാൻ നാം ഓരോരുത്തരും കടമപ്പെട്ടിരിക്കുന്നു എന്ന് ഓർമ്മിച്ചുകൊണ്ട് ഈ പ്രോജക്റ്റ് സമർപ്പിക്കുന്നു.